പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 859 01.03.2017-ന് മറുപടിയ്ക്ക്

## വനങ്ങളുടെ സംരക്ഷണം

**ചോദ്യം** **മറുപടി**

ശ്രീ. പി.കെ.ബഷീർ

ശ്രീ. കെ. രാജു
(ബഹു. വനവും
മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനവിസ്തൃതി ഓരോ വർഷവും കുറഞ്ഞു വരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് വനവിസ്തൃതിക്ക് കഴിഞ്ഞ വർഷത്തിൽ കുറവ് വന്നിട്ടില്ല. |
| (ബി)<br><br><br><br>(സി) | നിലവിൽ വനങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ;<br><br>നിലവിലുള്ള പദ്ധതികൾ തുടരാനും കൂടുതൽ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) | വനം വകുപ്പിന്റെ എല്ലാ പദ്ധതികളും നേരിട്ടോ പരോക്ഷമായോ വന സംരക്ഷണവും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യം വച്ച് ആവിഷ്കരിച്ചിട്ടുള്ളതാണ്. ആസൂത്രണം ചെയ്തിട്ടുള്ള കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1.വനസംരക്ഷണം (വനാതിർത്തി സർവ്വേയും വനസംരക്ഷണവും)<br>2.നാശോന്മുഖമായ വനപ്രദേശങ്ങളിൽ വനം വച്ചുപിടിപ്പിക്കലും ഔഷധ സസ്യ പരിപാലനവും<br>3. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ<br>4. അടിസ്ഥാന സൗകര്യ വികസനം<br>5.ജൈവവൈവിധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും.<br>6.പരിസ്ഥിതി വികസന പരിപാടി<br>7.ദേശീയ വനവത്കരണ പരിപാടി-ഹരിത ഇന്ത്യയ്ക്കായുള്ള ദേശീയ ദൗത്യം.<br>8.സംയോജിത വനസംരക്ഷണ പദ്ധതി.<br>9.പരിസ്ഥിതി വിനോദ സഞ്ചാരം.<br>10.മാനവശേഷി വികസനം.<br>11. വിഭവ ആസൂത്രണവും ഗവേഷണവും<br>12. വനപരിപാലന വിവര സമ്പ്രദായവും ഭൗമവിവര സാങ്കേതിക സംവിധാനവും.<br>13.എക്സ്റ്റൻഷൻ, കമ്മ്യൂണിറ്റി ഫോറസ്ട്രി, ആഗ്രോ ഫോറസ്ട്രി.<br>14.ഗ്രാമീണ അടിസ്ഥാന വികസനം<br>15. മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ. |

| | | | |
|---|---|---|---|
| | | | 16. നീലഗിരി ബയോസ്ഫിയർ റിസർവ്വ്.<br>17. പ്രോജക്ട് എലിഫെന്റ്<br>18. അഗസ്ത്യമല ബയോസ്പിയർ റിസർവ്വ്.<br>19. നീർത്തടഭൂമി സംരക്ഷണ പദ്ധതി<br>20. വയനാട് വന്യജീവി സങ്കേതത്തിലെ ആവാസവ്യവസ്ഥയുടെ സംയോജിത വികസനം.<br>നിലവിലുള്ള പദ്ധതികൾ തുടരുന്നതിനും അവ കൂടുതൽ ശക്തിപ്പെടുത്തുനനതിനും തീരുമാനിച്ചിട്ടുള്ളതിനെതുടർന്ന് തൻവർഷത്തിൽ വിവിധ ബഡ്ജറ്റി ശീർഷകങ്ങളിലായി (പദ്ധതി) തുക വകയിരുത്തി അവ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ഡി) | വനങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | (ഡി) | വനങ്ങളുടെ സംരക്ഷണത്തിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുക, നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക, മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകൾ നിർമ്മിക്കുക, വാർത്താവിനിമയ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുക, ജീവനക്കാർക്ക് ആധുനിക രീതിയിലുള്ള പരിശീലനം നൽകുക വഴി വനങ്ങളുടെ പരിപാലനം യന്ത്രവത്കരിക്കുക തുടങ്ങിയ പ്രധാന പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നു.<br>കൂടാതെ വനങ്ങളുടെ സംരക്ഷണത്തിന് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ബഹു. ഗവർണർ 24.06.2016-ൽ നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.<br>1.സാമൂഹ്യവനവൽക്കരണത്തിന് പ്രത്യേക ഊന്നൽ, വൃക്ഷങ്ങൾ ഫലവൃക്ഷങ്ങൾ, ഔഷധ ചെടികൾ എന്നിവയുടെ നടീൽ പ്രോൽസാഹിപ്പിക്കൽ.<br>2. സ്വകാര്യഭൂമിയിൽ വൃക്ഷതൈ വച്ചുപിടിപ്പിക്കുന്നതിന് പ്രോൽസാഹനം നൽകുന്ന പദ്ധതി.<br>3. ഇക്കോടൂറിസവുമായി ബന്ധപ്പെട്ട് വനമേഖലയിലെ സന്ദർശനങ്ങൾ കൊണ്ട് വനമേഖലയിൽ ഉണ്ടാകുന്ന ആഘാതങ്ങളുടെ ശാസ്ത്രീയ പഠനം.<br>4.അവശേഷിക്കുന്ന വനമേഖവകളിൽകൂടി ഫോറസ്റ്റ് സ്റ്റേഷനുകൾ വ്യാപിപ്പിക്കൽ.<br>5.വനാതിർത്തി വേർതിരിക്കുന്ന പ്രക്രിയ പൂർത്തിയാക്കൽ.<br>6. വനമേഖലയിൽ സ്ഥിരമായ ജാഗ്രത പുലർത്തുന്നതിനും നിരീക്ഷണത്തിനും ക്യാമറകൾ സ്ഥാപിക്കൽ.<br>7.വനമേഖലയിൽ വാർത്താവിനിമയ ശൃംഖല |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തൽ.<br>8.വയനാട് ജില്ലയെ കാർബൺ തുലിതമായി മാറ്റുന്നതിനുള്ള പദ്ധതി.<br>9. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനുള്ള വനാതിർത്തിയിലൂടെയുള്ള വേലി നിർമ്മാണം- കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി) യുടെ ധനസഹായത്തോടുകൂടി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ (Anti-recession package) നടപ്പാക്കുന്ന പദ്ധതി. |

**സെക്ഷൻ ഓഫീസർ**